# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 325

17/12/2015 ൽ മറുപടിക്ക്

### ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ടി.എൻ. പ്രതാപൻ | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമ മാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ; | (എ) 590 കിലോമീറ്റർ നീളമുള്ള പടിഞ്ഞാറൻ തീരദേശ ജലപാതയുടെ 422 കി.മീറ്റർ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നു. 168 കി. മീറ്റർ ഭാഗം (കൊല്ലം - കോട്ടപ്പുറം) ദേശീയ ജലപാത ആകുന്നു. കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാതയുടെ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാത യിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തി യാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചു കൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാത യുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ |

കുറുകെയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവു വന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ നടത്തി വീതി നില നിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി 74.18 കി.മീ നീളമുള്ള കോവളം-കൊല്ലം ജലപാതയിൽ ഏകദേശം 25 കി.മീറ്ററും 347 കി.മീറ്റർ നീളമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയിൽ ഏകദേശം 195 കി.മീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്.

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) മറ്റു മാർഗ്ഗങ്ങളിൽ കൂടിയുള്ള ഗതാഗതം മൂലമുള്ള (ഉദാ: റെയിൽ, റോഡ് മുതലായ) മലിനീകരണം ഒഴിവാക്കുക, പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ഗതാഗതം സാദ്ധ്യമാക്കുക, തിരക്ക് കുറയ്ക്കുക, ഇന്ധന ക്ഷമത കാര്യക്ഷമമാക്കുക, ടൂറിസം മേഖലയുടെ വികസനം ഉറപ്പാക്കുക അപകടകരമായ വസ്തുക്കളുടെ സുരക്ഷിതമായ നീക്കം എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

(സി) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. കായംകുളം കായലിൽ 2 കി. മീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ 2 വരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന

ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നിവയിലെ തുകയാണ് വിനിയോഗിച്ചു കൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകെയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർ നിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവുവന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായി നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചു വരുന്നു.

Sham...

സെക്ഷൻ ഓഫീസർ